**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5254** **02.07.2013 ലെ മറുപടിയ്ക്ക്**

**സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നത് ബാങ്കിംഗ് റഗുലേഷൻ ആക്ട്, കേരള മണിലെൻഡേഴ്സ് ആക്ട്, ചിട്ടിആക്ട് മുതലായ വിവിധ നിയമങ്ങൾ മുഖേനയാണ്. ഇതിൽ ഓരോ നിയമത്തെ സംബന്ധിച്ചും ആ നിയമപ്രകാരം ചുമതലപ്പെടുത്തപ്പെട്ട അധികാരിയും, പോലീസുമാണ് പ്രസ്തുത നിയമങ്ങളുടെ ലംഘനത്തിൻമേൽ തുടർ നടപടി സ്വീകരിക്കേണ്ടത്. കേരള സംസ്ഥാനത്ത് അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്നത് നിരോധിക്കുന്നതിനും, പണം കടം കൊടുക്കൽ ബിസിനസ്സിൽ അമിത പലിശ ഈടാക്കുന്നതിനും കടുത്ത ശിക്ഷ വ്യവസ്ഥ ചെയ്യുന്നതുമായ 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ആക്ട് എന്ന നിയമം പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയ്ക്ക് പുറമെ അനധികൃത പണമിടപാട് പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരം കൈമാറുന്നതിന്, കേന്ദ്ര സംസ്ഥാന സർക്കാർ ഏജൻസികൾക്കിടയിൽ നിയന്ത്രണ മേൽ നോട്ട സഹകരണം ശക്തിപ്പെടുത്തുന്നതിനും വേണ്ടി 'സെബി'-യുടെ ദക്ഷിണ റീജിയണൽ മാനേജർ, കേന്ദ്ര കമ്പനികാര്യ വകുപ്പിന്റെ ഒരു പ്രതിനിധി, വാണിജ്യ നികുതി വകുപ്പ് കമ്മീഷണർ, പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ/ നോമിനി, രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ, ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ, സംസ്ഥാന ധനകാര്യ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ, നികുതി വകുപ്പ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട ഒരു സംസ്ഥാനതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ധനകാര്യ സ്ഥാപനങ്ങളുടെ പലിശ ഈടാക്കുന്നതു സംബന്ധിച്ച് ഏകീകൃത മാനദണ്ഡം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് കേന്ദ്ര നിയമത്തിന് അനുസൃതമാണോ എന്ന് വ്യക്തമാക്കാമോ? | (ബി) | ഈ വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ.